# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

07.11.2019-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം. 3070

## സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്ന നടപടി

| ചോദ്യം<br>ശ്രീ. എ.പി. അനിൽകുമാർ | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മലാപ്പറമ്പ് എ.യു.പി. സ്കൂൾ കോഴിക്കോട്, പാലാട്ട് എ.യു.പി. സ്കൂൾ, കോഴിക്കോട്, മരങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ, മലപ്പുറം, കിരാലൂർ പി.എം.എൽ.പി. സ്കൂൾ, തൃശ്ശൂർ എന്നിവ സർക്കാർ ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | സ.ഉ. (പി) നം. 122/2016/പൊ.വി.വ. തീയതി 27.07.2016 പ്രകാരം പ്രസ്തുത സ്കൂളുകൾ വിജ്ഞാപനം ചെയ്ത് ഏറ്റെടുക്കുകയും ആയതിനുള്ള നടപടി പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്കൂളുകൾ ഏറ്റെടുക്കുന്നതിന് മാനേജ്മെന്റുകൾക്ക് എത്ര രൂപവീതമാണ് നഷ്ടപരിഹാരമായി നൽകിയതെന്ന വിശദാംശം ലഭ്യമാക്കുമോ; | (ബി) | 1. എ.യു.പി. സ്കൂൾ മലാപ്പറമ്പ്, കോഴിക്കോട് - 5,85,86,710/- രൂപ (അഞ്ച് കോടി എൺപത്തിയഞ്ച് ലക്ഷത്തി എൺപത്തി ആറായിരത്തി എഴുന്നൂറ്റി പത്ത് രൂപ മാത്രം) (25.01.2017 – ലെ സ.ഉ. (സാധാ) നം. 181/2017/പൊ.വി.വ. ഉത്തരവ് പ്രകാരം)<br><br>2. എ.എം.എൽ.പി. സ്കൂൾ മങ്ങാട്ടുമുറി, മലപ്പുറം - 63,89,645/- രൂപ (അറുപത്തി മൂന്ന് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അറുന്നൂറ്റി നാല്പത്തിയഞ്ച് രൂപ മാത്രം) (07.04.2018-ലെ സ.ഉ. (സാധാ) നം. 1375/18/പൊ.വി.വ. ഉത്തരവ് പ്രകാരം)<br><br>3. പി.എം.എൽ.പി. സ്കൂൾ, കിരാലൂർ, തൃശ്ശൂർ - 79,54,550/- രൂപ (എഴുപത്തി ഒൻപത് ലക്ഷത്തി അൻപത്തിനാലായിരത്തി അഞ്ഞൂറ്റി അമ്പത് രൂപ മാത്രം) (11.07.2017-ലെ സ.ഉ. (സാധാ) നം. 2289/17/പൊ.വി.വ. ഉത്തരവ് പ്രകാരം) |

4. എ.യു.പി. സ്കൂൾ പാലാട്ട് കോഴിക്കോട്- 11.07.2017 – ലെ സ.ഉ. (സാധാ) നം. 2289/2017/പൊ.വി.വ ഉത്തരവ് പ്രകാരം 56,09,947/- രൂപ (അമ്പത്തിയാറു ലക്ഷത്തി ഒമ്പതിനായിരത്തി തൊള്ളായിരത്തി നാൽപത്തി ഏഴ് രൂപ മാത്രം). നഷ്ടപരിഹാരം നിശ്ചയിച്ച് ഉത്തരവായിരുന്നു. എന്നാൽ നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് സ്കൂൾ മാനേജർ കോഴിക്കോട് ജില്ലാ കോടതിയിൽ CMA No.44/2018 കേസ്സ് ഫയൽ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തുക കൈപ്പറ്റിയിട്ടില്ല.

| | |
|---|---|
| (സി) കൂടുതൽ സ്കൂളുകൾ ഏറ്റെടുക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കാമോ? | (സി) ഇല്ല.<br>2009 – ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും 2011 – ലെ കേരള വിദ്യാഭ്യാസ അവകാശ ചട്ടത്തിന്റെയും വ്യവസ്ഥകൾ പ്രകാരം എയ്ഡഡ് മാനേജ്മെന്റുകൾക്ക് സ്കൂളുകൾ ഭംഗിയായി നടത്തുന്നതിനുള്ള സൗകര്യങ്ങൾ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. സ്കൂളുകളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ടത് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളാണ്. സ്കൂളുകൾ സർക്കാർ ഏറ്റെടുത്തത് പ്രത്യേക സാഹചര്യം . പരിഗണിച്ചാണ്. സ്കൂളുകൾ ഏറ്റെടുക്കണമെന്നത് സർക്കാരിന്റെ നയമല്ല. |

Hema. V

സെക്ഷൻ ഓഫീസർ